Draft #1 of File 134896/CITAD -1/2021/CITAD Approved by ASSISTANT REGISTRAR V (ADMIN) on 29-Oct-2021 11:17 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 134896/CITAD -1/2021/CITAD തീയതി: 29.10.2021

പ്രിയദർശിനി ഹിൽസ്

## <u>സർക്കുലർ</u>

വിഷയം:- സർവ്വകലാശാലയുടെ അധീനതയിലുള്ള ഐ.ടി.ഉപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് :-

സൂചന :- (1). 03/07/2020 തീയതിയിലെ 25239/CITAD 1/2020/CITAD നമ്പർ സർക്കുലർ
(2). സീനിയർ ഹാർഡ്‌വെയർ & നെറ്റ്‌വർക്ക് എഞ്ചിനീയറുടെ 06/10/2021 തീയതിയിലെ റിപ്പോർട്ട്

സർവ്വകലാശാലയിലെ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പ്രവർത്തങ്ങൾ സുഗമമാക്കുന്നതിനായി സെക്ഷനുകൾക്ക് / വകുപ്പുകൾക്ക് / സെന്ററുകൾക്ക് അനുവദിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളിലെ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ അനുമതിയില്ലാതെ മാറ്റി പൈറേറ്റഡ് സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യരുത് എന്നും ജീവനക്കാരുടെ സൂക്ഷ്മതയില്ലായ്മ മൂലം ഹാർഡ്‌വെയർ / സോഫ്റ്റ്‌വെയർ എന്നിവ ഉപയോഗശൂന്യമാകുകയോ തകരാറിലാകുകയോ ചെയ്താൽ വകുപ്പ്തല നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മേൽ സൂചന (1) പ്രകാരം ഉത്തരവുണ്ടായിട്ടും പല സെക്ഷനുകളും / വകുപ്പുകളും / സെന്ററുകളും അനുമതിയില്ലാതെ കമ്പ്യൂട്ടറുകളിലെ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ മാറ്റി പൈറേറ്റഡ് സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതായും തൻമൂലം സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും മേൽ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ചുവടെ കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സെക്ഷനുകളും / വകുപ്പുകളും / സെന്ററുകളും കർശനമായി പാലിക്കേണ്ടതാണ്.

1. സെക്ഷനുകൾക്ക് / വകുപ്പുകൾക്ക് / സെന്ററുകൾക്ക് അനുവദിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളിലെ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകൾ അനുമതിയില്ലാതെ മാറ്റി പൈറേറ്റഡ് സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യാൻ പാടുള്ളതല്ല.

2. പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഓപ്പൺ സോഴ്സ് അല്ലാത്ത വിലകൊടുത്ത് വാങ്ങേണ്ടുന്ന സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിനുള്ള അനുമതി ലഭിച്ച ശേഷം മാത്രം ലൈസൻസുള്ള സോഫ്റ്റ്‌വെയറുകൾ ഹാർഡ്‌വെയർ ക്ലിനിക്കിലെ എൻജിനീയറന്മാരെ കൊണ്ട് മാത്രം ഇൻസ്റ്റാൾ ചെയ്യിക്കേണ്ടതാണ്.

3. നിലവിൽ വിവിധ സെക്ഷനുകളിൽ നൽകിയിരിക്കുന്ന കമ്പ്യൂട്ടറുകളിലെ സോഫ്റ്റ് വെയറുകളിൽ മാറ്റം വരുത്തുന്നതിനോ പുതിയ സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിനോ ഹാർഡ് വെയർ ക്ലിനിക്കിനെ സമീപിക്കേണ്ടതും ഇത് ജീവനക്കാർ സ്വയം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

4.കമ്പ്യൂട്ടറുകൾ,അനുബന്ധ ഉപകരണങ്ങൾ എന്നിവ അത്യന്തം സൂക്ഷ്മതയോടുകൂടി ഉപയോഗിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച് ഹാർഡ്‌വെയർ / സോഫ്റ്റ്‌വെയർ എന്നിവക്ക് കേടുപാടുവരുത്തുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുന്ന പക്ഷം ഇതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെതു മാത്രമായിരിക്കുന്നതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പു തല നടപടി സ്വീകരിക്കുന്നതുമായിരിക്കും.

**ലേഖ ജെ**

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 134896/CITAD -1/2021/CITAD Approved by ASSISTANT REGISTRAR V (ADMIN) on 29-Oct-2021 11:17 PM - Page 2